**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3015** **25-10-2021 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി ബൈപാസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | 2017-2018 ലെ ബജറ്റിൽ ഉൾപ്പെട്ട വടക്കാഞ്ചേരി ബൈപാസ് നിർമ്മാണത്തിനായി പൊതുമരാമത്ത് ചീഫ് എൻജിനീയർ അംഗീകരിച്ച പാലം, റെയിൽവേ പാലം എന്നിവയുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ സാങ്കേതിക വിഭാഗം പൂർത്തീകരിച്ച് നൽകിയിട്ടുണ്ടോ; ഇതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | വടക്കാഞ്ചേരി ബൈപ്പാസിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 20 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ പ്രാഥമിക ഇൻവെസ്റ്റി ഗേഷൻ പൂർത്തീകരിച്ച് നിർദ്ദിഷ്ട അലൈൻമെൻറ് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ നിർദ്ദിഷ്ട അലൈൻമെൻറിൽ ചെയിനേജ് 1/460 - ൽ ഒരു പാലവും ചെയിനേജ് 4/820 ൽ ഒരു റെയിൽവേ മേൽ പാലവും നിർമ്മിക്കേണ്ടതുണ്ട്. ആയതിനു വേണ്ടിയുള്ള ഇൻവെസ്റ്റി ഗേഷൻ നടത്തുന്നതിന് കിഫ്ബി യുടെ ടെക്നിക്കൽ റിസോഴ്സ് വിംഗിന്റെ സഹായം തേടിയിട്ടുണ്ട്. |
| (ബി) | ആയത് പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ഡി.പി.ആർ പ്രകാരം കിഫ്ബിയിൽ നിന്നും സാമ്പത്തിക അനുമതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (ബി) | പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡിപിആർ ലഭ്യമാക്കി, കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പൂർത്തീകരിച്ചിട്ടില്ലെങ്കിൽ ആയത്പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കാമോ? | (സി) | പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡിപിആർ ലഭ്യമാക്കി, കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ